# നവോദയ വിദ്യാലയ പ്രവേശന പരീക്ഷ - 2018

കേന്ദ്രസർക്കാറിന് കീഴിലുള്ള ജവഹർ നവോദയ വിദ്യാലയങ്ങളിൽ 2018-19 അദ്ധ്യയനവർഷത്തെ ആറാം ക്ലാസിലേക്കുള്ള പ്രവേശന പരീക്ഷ **2018** ഫെബ്രുവരി **10** ശനിയാഴ്ച നടക്കും. നവോദയ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം സൗജന്യമാണ്. ബോർഡിംഗ്, ലോഡ്ജിംഗ്, യൂണിഫോം, ടെക്സ്റ്റ് ബുക്ക് എന്നിവ സൗജന്യമായി നല്കും. മെച്ചപ്പെട്ടവിദ്യാഭ്യാസ സൗകര്യങ്ങളാണ് നവോദയ വിദ്യാലയങ്ങളിലുള്ളത്. കേരളത്തിൽ ഓരോ ജില്ലയിലും ഓരോന്ന് വീതം ആകെ 14 നവോദയ വിദ്യാലയങ്ങളാണുള്ളത്.

യോഗ്യത:

*.അപേക്ഷകർ **01.05.2005** നും **30.04.2009** നും മധ്യേ ജനിച്ചവരാകണം .

*.2017-18 അദ്ധ്യയനവർഷം ഗവണ്മെന്റ്/ എയ്ഡഡ്/ അംഗീകൃത സ്കൂളുകളിൽ അഞ്ചാം ക്ലാസിൽ പഠിക്കുന്നവരായിരിക്കണം.

*.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് 'ബി' സർട്ടിഫിക്കറ്റുകാരെയും പരിഗണിക്കും.

*.അതത് ജില്ലയിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. **ഈ വർഷം മുതൽ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.** www.nvshq.org, www.jnvmalappuram.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പ്രോസ്പെക്ടസിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന സ്കൂളിലെ പ്രധാനാധ്യാപകനിൽ നിന്നും ഒരു സർട്ടിഫിക്കറ്റ് തയ്യാറാക്കി ഓൺലൈനായി അപേക്ഷിക്കുമ്പോൾ അപ്ലോഡ് ചെയ്യേണ്ടതാണ്. ഓരോ സ്കൂളിലും 80 കുട്ടികളെയാണ് ആറാം ക്ലാസിലേക്ക് തിരഞ്ഞെടുക്കപ്പെടുക. 75% സീറ്റുകളിലും ഗ്രാമീണ വിദ്യാർത്ഥികളെയാണ് പരിഗണിക്കപ്പെടുക. ശേഷിച്ച സീറ്റുകളിൽ നഗരപ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രവേശനം ലഭിക്കും. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള സെലക്ഷൻ ടെസ്റ്റിൽ മെന്റൽ എബിലിറ്റി, അരിത്മെറ്റിക്, ലാംഗേജ് എന്നീ

മേഖലകളിൽ പ്രാവീണ്യമളക്കുന്ന ഒബജക്ടീവ് മാതൃകയിലുള്ള 100 ചോദ്യങ്ങളുണ്ടാവും. ആകെ 100 മാർക്കിനാണ് പരീക്ഷ. ഫലപ്രഖ്യാപനം 2018 ഏപ്രിൽ ആദ്യവാരമുണ്ടാകും. കൂടുതൽ വിവരങ്ങൾ www.nvshq.org എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2017 നവംബർ 25 ആണ്.

മലപ്പുറം ജില്ലയിലെ നവോദയ വിദ്യാലയത്തിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ സംശയ നിവാരണത്തിനായി **0494 - 2450350, 9497807800** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.